ടി.കെ ഉബൈദ്



ഖുർആൻ ബോധനം

# 1179

# സൂറ – 42 / അശ്ശൂറാ

**സൂക്തം: 12 – 13**

ആദർശങ്ങളും വിശ്വാസങ്ങളും കൃത്യമായ നിയമങ്ങളും നടപടിക്രമങ്ങളും ചേർന്നതാണ് 'അദ്ദീൻ.' ഈ ഘടകങ്ങളുടെ ശരിയായ സ്ഥാപനം അതുമായി ബന്ധപ്പെട്ട ഭൗതിക കാര്യങ്ങളുടെ സംസ്ഥാപനവും ആവശ്യപ്പെടുന്നു. ആദർശ വിശ്വാസങ്ങളുടെ പഠനത്തിനും പ്രചാരണത്തിനും പള്ളിക്കൂടങ്ങളും പുസ്തകങ്ങളും ആവശ്യമാകുന്ന സന്ദർഭങ്ങളിൽ അവയുടെ സംസ്ഥാപനവും ഇഖാമത്തുദ്ദീനിന്റെ ഭാഗമാകുന്നു.

لَهُۥ مَقَالِيدُ ٱلسَّمَٰوَٰتِ وَٱلْأَرْضِ ۖ يَبْسُطُ ٱلرِّزْقَ لِمَن يَشَآءُ
وَيَقْدِرُ ۚ إِنَّهُۥ بِكُلِّ شَىْءٍ عَلِيمٌ ﴿١٢﴾

12. ആകാശലോകത്തിന്റെയും ഭൂമിലോകത്തിന്റെയും താക്കോലുകൾ അവന്റെ കൈവശമാകുന്നു. അവനിച്ഛിക്കുന്നവർക്ക് വിഭവം വിപുലീകരിച്ചും ചുരുക്കിയും കൊടുക്കുന്നു. അവൻ സകല സംഗതികളും അറിയുന്നുവല്ലോ.

**12**

لَهُ = അവന്റേത് (ന്റെ കൈവശമാകുന്നു)

مَقَالِيدُ السَّمَاوَاتِ وَالْأَرْضِ = ആകാശ(ലോക)ങ്ങളുടെയും ഭൂമി(ലോകത്തിന്റെയും)യുടെയും താക്കോലുകൾ

يَبْسُطُ الرِّزْقَ = (വം വിപുലീകരിച്ചും) അവൻ വിഭവത്തെ വിടർത്തുന്നു لِمَن يَشَاءُ = അവൻ ഇച്ഛിക്കുന്നവർക്ക്

وَيَقْدِرُ = (ചുരുക്കിയും കൊടുക്കുന്നു) അവൻ പരിമിതമാക്കുകയും ചെയ്യുന്നു

إِنَّهُ بِكُلِّ شَيْءٍ عَلِيمٌ = (സകല സംഗതിയും അറിയുന്നുവല്ലോ) അവൻ എല്ലാ വസ്തുവിന്മേലും അറിവുള്ളവനാകുന്നു

*അസ്സുമർ* 63-ാം സൂക്തത്തിലും لَهُ مَقَالِيدُ السَّمَاوَاتِ وَالْأَرْضِ ...... اللَّهُ يَبْسُطُ الرِّزْقَ നേരത്തെ ഒട്ടേറെ സൂക്തങ്ങളിലും വന്നിട്ടുള്ളതാണ്. ഉദാ: 39:52, 34:36. ഈ വാക്യത്തിന്റെ തന്നെ മറ്റൊരു ഭാഷ്യമാണ് 15:21 സൂക്തം.

وَإِن مِّن شَيْءٍ إِلَّا عِندَنَا خَزَائِنُهُ وَمَا نُنَزِّلُهُ إِلَّا بِقَدَرٍ مَّعْلُومٍ ﴿٢١﴾

''യാതൊരു വസ്തുവുമില്ല; അതിന്റെ ഖജനാവ് നമ്മുടെ പക്കൽ ഉണ്ടായിട്ടല്ലാതെ. നിർണിതമായ അളവിൽ മാത്ര

മാകുന്നു നാം അത് ഇറക്കിക്കൊടുത്തുകൊണ്ടിരിക്കുന്നത്.'' വാനലോകത്തും ഭൂലോകത്തുമുള്ള സകല വിഭവങ്ങളുടെയും ഉടമസ്ഥൻ അല്ലാഹുവാകുന്നു. അവൻ തന്നെയാണ് അത് സൂക്ഷിക്കുന്നതും ചിലർക്ക് ഏറെയും ചിലർക്കു കുറച്ചുമായി വിതരണം ചെയ്യുന്നതും. വിഭവ വിതരണത്തിലെ ഈ ഏറ്റക്കുറവ് യാദൃഛികമായി സംഭവിക്കുന്നതല്ല. അല്ലാഹുവിന്റെ ഭാഗത്തു നിന്നുള്ള അന്യായമായ വിവേചനവുമല്ല. പ്രപഞ്ചത്തിലെ ഓരോ സൃഷ്ടിയെയും അതിന്റെ സ്വഭാവവും പ്രകൃതിയും, ആവശ്യങ്ങളും അനാവശ്യങ്ങളും ഉത്തമ താൽപര്യങ്ങളും അപകടകരമായ പ്രവണതകളും അല്ലാഹുവിന് കൃത്യമായി അറിയാം. അതോടൊപ്പം മനുഷ്യന് പ്രകൃതിയോടും സമൂഹത്തോടും, സമൂഹത്തിന് അവനോടും ചില ധർമങ്ങൾ അല്ലാഹു നിശ്ചയിച്ചിട്ടുണ്ട്. ഇതെല്ലാം പരിഗണിച്ചുകൊണ്ടാണ് അവൻ സൃഷ്ടികൾക്ക് വിഭവങ്ങൾ വിതരണം ചെയ്യുന്നത്. മനുഷ്യന്റെ സർഗശേഷികൾ പുഷ്ടിപ്പെടാനും പരസ്പരം സഹകരിച്ചു മുന്നേറാനും വ്യക്തികൾക്കിടയിൽ ഏറ്റക്കുറവും നിമ്നോന്നതികളും ഉണ്ടായിരിക്കണം. ആർക്ക് എന്ത് അധികം വേണം, എന്തു കുറയണം എന്ന് കൃത്യമായി അറിയുന്നതും അല്ലാഹുവാകുന്നു. ഈ അറിവനുസരിച്ചാണ് അവൻ അടിമകൾക്ക് വിഭവങ്ങൾ വിതരണം ചെയ്യുന്നത്. ബൈഹഖി നിവേദനം ചെയ്ത ഒരു ഹദീസിൽ അല്ലാഹു പ്രസ്താവിച്ചതായി പ്രവാചകൻ ഉദ്ധരിക്കുന്നു:

إنَّ مِنْ عِبَادِي مَن إذَا أَغْنَيْتُهُ لَفَسَدَ حَالُهُ وَمِنْهُمْ مَنْ إذَا أَفْقَرْتُهُ لَصلَحَ حَالُهُ

(എന്റെ ദാസന്മാരിൽ ചിലരുണ്ട്; ഞാൻ സമ്പന്നനാക്കിയാൽ അവന്റെ അവസ്ഥ നാശകരമാകും. മറ്റു ചിലരുണ്ട്; ഞാനവനെ ദരിദ്രനാക്കിയാൽ അവന്റെ അവസ്ഥ നന്നാകും). ഇബ്നു കസീർ തന്റെ തഫ്സീറിൽ ഉദ്ധരിച്ച ഹദീസിൽ, അല്ലാഹു മനുഷ്യനെ അഭിസംബോധന ചെയ്യുന്നു:

يا اِبنَ آدمَ خَلَقتُكَ لِلعِبَادةَ فَلا تَلعَب ، وَقسَمتُ لَكَ رِزقُكَ فَلا تتعَب ، فَإِن أَنْتَ رَضِيتَ بِمَا قَسمتُهُ لَكَ أَرَحتَ قَلبَكَ وَبَدنَكَ ، وكُنتَ عِندِي مَحمُوداً، وإِن اَنْتَ لَم تَقْنَعْ بِمَا قَسمتُهُ لَكَ فَوَعِزَّتِي وَجَلالِي لأُسَلِّطَنَّ عَلَيكَ الدُنيَا تَركُضُ فِيهَا رَكضَ الوُحوش فِي البَرِيَّة ، ثُمَّ لاَ ينَالُكَ فِيهَا إلا مَا قَسمتُهُ لَكَ ، وَكُنتَ عِندِي مَذمُومَا يا اِبنَ آدمَ خَلَقتُ السَّمَاوَاتِ وَلْأَرْضِ وَلَمْ أعيَ بِخَلْقِهِنَّ أَيعيِينِي رَغِيفُ اسُوقُهُ اِلَيْكَ يا اِبنَ آدمَ لَا تَطْلُبْ مِنِّي رِزْقَ غَدٍ لما لَا أَطَالِبُكَ بِعَمِلَ غَدٍ يا اِبنَ آدمَ أَنَالَك مُحِبٌّ فَبِحقي عَلَيْكَ كُن لِي مُحبّا

'മനുഷ്യ പുത്രാ, ഞാൻ ഇബാദത്തിനുവേണ്ടിയാണ് നിന്നെ സൃഷ്ടിച്ചത്. നീ കളിക്കരുത്. നിനക്ക് ഞാൻ ജീവിത വിഭവം വീതിച്ചിരിക്കുന്നു. നീ ക്ലേശിക്കരുത് (അതിൽ ആർത്തിയും ഉത്കണ്ഠയും ഭ്രമവും വേണ്ട എന്നാണുദ്ദേശ്യം). വീതിച്ചുതന്നതുകൊണ്ട് തൃപ്തിപ്പെട്ടാൽ നിന്റെ മനസ്സിനും ശരീരത്തിനും ഞാൻ ആശ്വാസമരുളുകയും നീ എന്റെ സന്നിധിയിൽ വാഴ്ത്തപ്പെട്ടവനാവുകയും ചെയ്യും. വീതിച്ചു തന്നതിൽ തൃപ്തനായില്ലെങ്കിൽ എന്റെ തേജസ്സും പ്രതാപവുമാണ, ഭൗതിക ലോകത്തെക്കൊണ്ട് ഞാൻ നിന്നെ കീഴടക്കിക്കും. ഹിംസ്ര ജന്തുക്കൾ കാട്ടിൽ പായുന്നതുപോലെ നീ അതിൽ പാഞ്ഞുകൊണ്ടിരിക്കും. എന്നിട്ടോ, ഞാൻ വീതിച്ചു തന്നതല്ലാതൊന്നും നീ അതിൽനിന്ന് നേടുന്നുമില്ല. എന്റെ സന്നിധിയിൽ നീ ആക്ഷിപ്തനാവുകയും ചെയ്യുന്നു. മനുഷ്യപുത്രാ, വാനലോകത്തെയും ഭൂമിയെയും സൃഷ്ടിച്ചിട്ട് ഞാനൊട്ടും ക്ഷീണിച്ചിട്ടില്ല. എന്നിരിക്കെ നിനക്കൊരു റൊട്ടിക്കഷണമെത്തിച്ചു തരുന്നത് എന്നെ ക്ഷീണിപ്പിക്കുമോ? മനുഷ്യപുത്രാ, നീ എന്നോട് നാളത്തേക്കുള്ള വിഭവം തേടേണ്ട; നാളത്തേക്കുള്ള കർമം ഞാൻ നിന്നോടു തേടാത്തതിനാൽ. മനുഷ്യപുത്രാ, ഞാൻ നിന്നെ സ്നേഹിക്കുന്നു. എനിക്ക് നിന്നിലുള്ള അവകാശത്തെ പ്രതി നീ എന്നെയും സ്നേഹിക്കുന്നവനാകണം.'' ●

---

۞ شَرَعَ لَكُم مِّنَ ٱلدِّينِ مَا وَصَّىٰ بِهِۦ نُوحًا وَٱلَّذِىٓ أَوْحَيْنَآ
إِلَيْكَ وَمَا وَصَّيْنَا بِهِۦٓ إِبْرَٰهِيمَ وَمُوسَىٰ وَعِيسَىٰٓ ۖ أَنْ أَقِيمُوا۟ ٱلدِّينَ
وَلَا تَتَفَرَّقُوا۟ فِيهِ ۚ كَبُرَ عَلَى ٱلْمُشْرِكِينَ مَا تَدْعُوهُمْ إِلَيْهِ ۚ ٱللَّهُ
يَجْتَبِىٓ إِلَيْهِ مَن يَشَآءُ وَيَهْدِىٓ إِلَيْهِ مَن يُنِيبُ ﴿١٣﴾

13. അവൻ നിങ്ങൾക്ക് ധർമമായി നിയമിച്ചു തന്നിട്ടുള്ളത്, നൂഹിനോട് അനുശാസിച്ചിട്ടുണ്ടായിരുന്നതും നാം നിനക്ക് ദിവ്യബോധനം നൽകിയിട്ടുള്ളതും ഇബ്റാഹീം, മൂസാ, ഈസാ പ്രവാചകന്മാരോടനുശാസിച്ചിട്ടുള്ളതും തന്നെയാകുന്നു. ഈ ധർമം സംസ്ഥാപിക്കുവിൻ, അതിൽ ഭിന്നിക്കാതിരിക്കുവിൻ എന്ന് കൽപിച്ചുകൊണ്ട്. നീ ഈ ധർമം പ്രബോധനം ചെയ്യുന്നത് ബഹുദൈവ വിശ്വാസികൾക്ക് ദുസ്സഹമായ ഭാരമായിരിക്കുന്നു. അല്ലാഹു അവനിലേക്കാകർഷിക്കുന്നത് അവനുദ്ദേശിക്കുന്നവരെയാകുന്നു. അനുതപിക്കുന്നവർക്കാണ് അവൻ തന്നിലേക്കുള്ള വഴി കാട്ടിക്കൊടുക്കുന്നു.

**13**

شَرَعَ لَكُم = അവൻ നിങ്ങൾക്കു നിയമിച്ചു തന്നിരിക്കുന്നു (തന്നിട്ടുള്ളത്)

مِّنَ الدِّينِ = ദീനിൽനിന്നുള്ളത് (ധർമമായിട്ട്) مَا وَصَّىٰ بِهِ نُوحًا = അവൻ നൂഹിനോട് അനുശാസിച്ചിട്ടുണ്ടായിരുന്നത്

وَالَّذِي أَوْحَيْنَا إِلَيْكَ = നാം നിനക്കു ദിവ്യബോധനം നൽകിയിട്ടുള്ളതും

وَمَا وَصَّيْنَا بِهِ = അനുശാസിച്ചിട്ടുള്ളതും (തന്നെയാകുന്നു)

إِبْرَاهِيمَ وَمُوسَىٰ وَعِيسَىٰ = ഇബ്റാഹീമിനോടും മൂസായോടും ഈസായോടും (പ്രവാചകന്മാരോട്)
أَنْ أَقِيمُوا الدِّينَ = ഈ ദീൻ (ധർമം) സംസ്ഥാപിക്കുവിൻ وَلَا تَتَفَرَّقُوا فِيهِ = അതിൽ ഭിന്നിക്കാതിരിക്കുവിൻ (എന്നു കൽപിച്ചുകൊണ്ട്)
كَبُرَ = വലുതായി, വലിയത് (ദുസ്സഹമായ ഭാരം) ആയിരിക്കുന്നു عَلَى الْمُشْرِكِينَ = ബഹുദൈവ വിശ്വാസികൾക്ക്
مَا تَدْعُوهُمْ إِلَيْهِ = നീ അവരെ വിളിക്കുന്നതെന്തിലേക്കാണോ അത് (നീ അവരെ പ്രബോധനം ചെയ്യുന്ന ഈ ധർമം)
اللَّهُ يَجْتَبِي إِلَيْهِ = അല്ലാഹു അവനിലേക്ക് വലിച്ചടുപ്പിക്കുന്ന (ആകർഷിക്കുന്നത്)
مَن يَشَاءُ = അവൻ ഉദ്ദേശിക്കുന്നവരെ (ആകുന്നു) وَيَهْدِي إِلَيْهِ = അവൻ തന്നിലേക്കുള്ള വഴി കാട്ടിക്കൊടുക്കുന്ന (ന്നത്)
مَن يُنِيبُ = (അവനിലേക്ക്) മടങ്ങുന്നവരെ (അനുതപിക്കുന്നവരെ) ആകുന്നു

മുൻപത്തെ ഏതാനും സൂക്തങ്ങളിൽ, അല്ലാഹു അടിമകൾക്കരുളിയ ഭൗതികമായ ചില അനുഗ്രഹങ്ങൾ അനുസ്മരിച്ചശേഷം മനുഷ്യർക്കരുളിയ ആത്മീയാനുഗ്രഹത്തെക്കുറിച്ചു പറയുകയാണ്. ഭൗതിക ജീവിതം സംസ്കരിക്കാനും അതുവഴി മരണാനന്തരം ഭാസുരമായ പാരത്രിക ജീവിതം നേടാനുമുള്ള ഉപാധിയാണത്. സൂറാരംഭത്തിൽ كَذَٰلِكَ يُوحِي إِلَيْكَ وَإِلَى الَّذِينَ مِن قَبْلِكَ എന്നും 7-ാം സൂക്തത്തിൽ وَكَذَٰلِكَ أَوْحَيْنَا إِلَيْكَ قُرْآنًا عَرَبِيًّا لِّتُنذِرَ أُمَّ الْقُرَىٰ എന്നും ഇക്കാര്യം സൂചിപ്പിച്ചിട്ടുണ്ട്. ഈ രണ്ടിടത്തും സൂചിപ്പിക്കുന്നത് മുഹമ്മദീയ സമുദായത്തിനു നൽകിയ ആത്മീയാനുഗ്രഹത്തെയാണ്. മൊത്തം മനുഷ്യവർഗത്തിന് അല്ലാഹു ഈ അനുഗ്രഹമരുളിയിട്ടുണ്ടെന്ന് സൂചിപ്പിച്ചുകൊണ്ട് 87: 14-19-ൽ പ്രസ്താവിക്കുന്നു:

قَدْ أَفْلَحَ مَن تَزَكَّىٰ ﴿١٤﴾ وَذَكَرَ اسْمَ رَبِّهِ فَصَلَّىٰ ﴿١٥﴾ بَلْ تُؤْثِرُونَ الْحَيَاةَ الدُّنْيَا ﴿١٦﴾ وَالْآخِرَةُ خَيْرٌ وَأَبْقَىٰ ﴿١٧﴾ إِنَّ هَٰذَا لَفِي الصُّحُفِ الْأُولَىٰ ﴿١٨﴾ صُحُفِ إِبْرَاهِيمَ وَمُوسَىٰ ﴿١٩﴾

(സംസ്കാരം കൈക്കൊണ്ട് തന്റെ നാഥനെയോർത്ത് നമസ്കരിച്ചവൻ തീർച്ചയായും ജീവിതം സഫലമാക്കിയിരിക്കുന്നു. പക്ഷേ, ഇക്കൂട്ടർ തെരഞ്ഞെടുക്കുന്നത് ഭൗതിക ജീവിതത്തെയാണ്. എന്നാൽ, പരലോകമത്രെ ഏറ്റം സൗഭാഗ്യകരവും ശാശ്വതവുമായിട്ടുള്ളത്. ഈ സത്യം പൂർവിക ഏടുകളിൽ, ഇബ്റാഹീമിന്റെയും മൂസായുടെയും ഏടുകളിൽ രേഖപ്പെടുത്തിയിട്ടുള്ളതാകുന്നു).

വിശാലമായ വഴിയുണ്ടാക്കി എന്നാണ് شَرَعَ-യുടെ മൗലികമായ അർഥം. ഖുർആനിൽനിന്നും സുന്നത്തിൽനിന്നും ഉരുത്തിരിയുന്ന ഇസ്‌ലാമിക നിയമസംഹിതയെ ശരീഅത്ത് എന്നും ശർഅ് എന്നും പറയുന്നു. നിയമനിർമാതാവ് شارع ആകുന്നു. ഇതിന്റെ ക്രിയാപദമായ شَرَعَ സാധാരണ ഉപയോഗിക്കാറുള്ളത് നിയമം നിർമിച്ചതിനാണ്. شريعة-ന്റെ മറ്റൊരു രൂപമാണ് شِرْعَة. ഈ പദം 5:48-ാം സൂക്തത്തിൽ വന്നിരിക്കുന്നു. കൂടുതൽ വിശദീകരണം പ്രസ്തുത സൂക്തത്തിനു താഴെ കാണുക. ഇവിടെ شَرَعَ കൊണ്ട് ഉദ്ദേശിച്ചിട്ടുള്ളത് നിയമിച്ചു തന്നു അല്ലെങ്കിൽ നിയമമാക്കിത്തന്നു, വ്യക്തമായി വിശദീകരിച്ചു തന്നു എന്നാണ്. മുകളിൽനിന്ന് അനുശാസിക്കപ്പെട്ടതും നിർബന്ധമായി അനുസരിക്കപ്പെടേണ്ടതുമായ കാര്യമാണ് ദീൻ. ധർമം, ധർമശാസ്ത്രം, ധാർമിക നിയമാവലി, മതം തുടങ്ങിയ അർഥങ്ങളിൽ ഉപയോഗിക്കുന്നു. അല്ലാഹു അവന്റെ സൃഷ്ടികൾക്കു നൽകുന്ന ധർമതത്ത്വങ്ങളും നിയമവുമാണ് الدِّين. യഥാർഥത്തിൽ شَرِيعَة-ന്റെ പര്യായമാണ് ദീൻ. രണ്ടും ഒന്നുതന്നെ. എങ്കിലും ദീനിൽ കൂടുതൽ മികച്ചു നിൽക്കുന്നത് മൗലിക ധർമം, അടിസ്ഥാന ധർമതത്ത്വം, മതം എന്ന ആശയമാണ്. ശരീഅത്തിൽ മികച്ചു നിൽക്കുന്നത് ആ തത്ത്വങ്ങളിൽ നിന്നുരുത്തിരിഞ്ഞ കർമനിയമങ്ങളാകുന്നു. شَرَعَ لَكُم مِّنَ الدِّينِ -ക്ക് ദീനിൽ നിന്നുള്ളത്, ദീനിൽ പെട്ടത് നിങ്ങൾക്കു നിയമിച്ചുതന്നു എന്നർഥമാവാം. ദീനിനാൽ ഉള്ളത് അഥവാ ദീനായിട്ട് നിയമമാക്കിത്തന്നു എന്നുമാവാം. രണ്ടായാലും, ദീനും ശരീഅത്തും പരസ്പര ബന്ധമില്ലാത്ത കാര്യങ്ങളല്ല. ദീൻ മൗലിക തത്ത്വങ്ങളാണെങ്കിൽ ആ തത്ത്വങ്ങളുടെ പ്രായോഗിക രൂപമാണ് ശരീഅത്ത്. അല്ലാഹു നിർണയിച്ചു തരുന്നതോടെ ആ പ്രയോഗരൂപവും ദീൻ ആകുന്നു. مَا وَصَّىٰ بِهِ نُوحًا എന്നതിനർഥം مثل مَا وَصَّىٰ بِهِ نُوحًا നൂഹിനോട് അനുശാസിച്ചതു പോലുള്ളത് എന്നാണ്. അതായത്, നൂഹിന് ദീനും ശരീഅത്തും അനുശാസിച്ചതുപോലെ നിനക്ക്-അന്ത്യപ്രവാചകനും അനുശാസിച്ചിരിക്കുകയാണ്. ശരീഅത്തുമായി ആഗതനായ ആദ്യ പ്രവാചകനായ നൂഹിന്റെ ദീനും ശരീഅത്തും അന്ത്യപ്രവാചകന് ഉപദേശിച്ച ദീനും ശരീഅത്തും അടിസ്ഥാനപരമായി ഒന്നാകുന്നു. ഏകദൈവത്വം, പരലോകം, പ്രവാചകത്വം തുടങ്ങിയവയാണ് എല്ലാ ദീനുകളുടെയും അസ്തിവാരം. സത്യവിശ്വാസം, (ഈമാൻ) ദൈവാരാധന (ഇബാദത്ത്), ദൈവഭക്തി (തഖ്‌വ), ജ്ഞാനം (ഇൽമ്), സത്യസന്ധത (ഇഖ്‌ലാസ്), സൽക്കർമം (അമലുസ്സ്വാലിഹാത്ത്) തുടങ്ങിയവയാണ് മൂല്യങ്ങൾ. നമസ്കാരം, സകാത്ത്, വ്രതാനുഷ്ഠാനം തുടങ്ങിയവ അടിസ്ഥാന ധർമങ്ങളും. വിവിധ കാലങ്ങളിൽ ആഗതരായ പ്രവാചകവര്യന്മാരുടെ ദീനിന്റെ പ്രയോഗ രീതിയിൽ വ്യത്യാസങ്ങളുണ്ടാവാം. ആ വ്യത്യാസം ദീനിന്റെ വൈവിധ്യത്തെയല്ല, ഓരോ പ്രവാചകന്റെയും കാലത്തെ സാമൂഹിക സാഹചര്യത്തിന്റെ വ്യത്യാസത്തെയാണ് സൂചിപ്പിക്കുന്നത്. ദീനായിട്ട് അന്ത്യപ്രവാചകന് നിയമിച്ചുതന്നതും നൂഹ് നബിയോട് അനുശാസിച്ചിട്ടുള്ളതും ഒന്നുതന്നെ എന്നതിനർഥം, എല്ലാ പ്രവാചകന്മാരോടും പ്രബോധനം ചെയ്യാനും പ്രയോഗവൽക്കരിക്കാനും കൽപിച്ചത് ഒരേ ശരീഅത്തുള്ള ദീനാകുന്നു എന്നല്ല, നിയമ വ്യവസ്ഥ വ്യത്യസ്തമെങ്കിലും, ഒരേ മൗ

ലിക തത്ത്വങ്ങളിലധിഷ്ഠിതമായ ദീനാകുന്നു എന്നാണ്. ഇതേ ദീൻ തന്നെയാണ് നൂഹ് മുതൽ മുഹമ്മദ് (സ) വരെയുള്ളവർക്ക് നൽകിയത്. ഇബ്റാഹീം-മൂസാ-ഈസാ നബിമാർക്ക് നൽകിയതും അതിൽ ഉൾപ്പെടുന്നു. 4:163-ൽ ഈ ആശയം ഇപ്രകാരം അവതരിപ്പിച്ചിരിക്കുന്നു: إِنَّا أَوْحَيْنَا إِلَيْكَ كَمَا أَوْحَيْنَا إِلَىٰ نُوحٍ وَالنَّبِيِّينَ مِن بَعْدِهِ (നൂഹിനും അദ്ദേഹത്തിനു ശേഷം ആഗതരായ പ്രവാചകന്മാർക്കും ദിവ്യബോധനം നൽകിയതുപോലെ നാം നിനക്കും ദിവ്യബോധനം നൽകിയിരിക്കുന്നു). പ്രവാചകന്മാരിൽ ഏറ്റം മഹാന്മാരും പ്രമുഖരും വേദപുസ്തകങ്ങൾ ലഭിച്ചവരുമായ ഇബ്റാഹീം, മൂസാ, ഈസാ പ്രവാചകന്മാരെ സവിശേഷം അനുസ്മരിച്ചിരിക്കുകയാണ്. തങ്ങൾ ഇബ്റാഹീം നബിയുടെ ശിഷ്യന്മാരും പിന്മുറക്കാരുമാണെന്നവകാശപ്പെടുന്നവരാണ് അറബികൾ. മൂസാ നബിയുടെ പൈതൃകം അവകാശപ്പെടുന്നവരാണ് യഹൂദർ. ഈസാ നബിയുടെ ശിഷ്യന്മാർ എന്നാണ് ക്രൈസ്തവരുടെ അവകാശവാദം. അറേബ്യയിൽ അന്ന് ഈ മൂന്നു വിഭാഗത്തിന്റെയും സാന്നിധ്യം ഉണ്ടായിരുന്നു. അവരെ പ്രത്യേകം ഉണർത്തുകയാണ്: ഇപ്പോൾ മുഹമ്മദ് നബിക്ക് ലഭിച്ചുകൊണ്ടിരുന്ന ദീൻ-ധർമശാസന- തന്നെയാണ് ഇബ്റാഹീം നബിക്കും മൂസാ നബിക്കും ഈസാ നബിക്കും അല്ലാഹു നൽകിയിരുന്നത്. പ്രയോഗ രീതിയുടെ വിശദാംശങ്ങളിൽ ചില മാറ്റങ്ങളുണ്ടെങ്കിലും മൗലികമായി അവ ഒന്നാകുന്നു.

എല്ലാ പ്രവാചകന്മാരോടും കൽപിച്ചത് അദ്ദീൻ- ദൈവം അനുശാസിച്ച ധർമം- സംസ്ഥാപിക്കുക أَنْ أَقِيمُوا الدِّينَ എന്നാണ്. സംസ്ഥാപനത്തിന് പല മാനങ്ങൾ ഉണ്ട്. വസ്തുക്കളുടെ സംസ്ഥാപനം -اقامة- അവ നിർമിച്ചു നിലനിർത്തുകയാണ്. ആദർശങ്ങളുടെയും വിശ്വാസങ്ങളുടെയും اقامة, അത് സ്വയം അംഗീകരിക്കുകയും പ്രചരിപ്പിക്കുകയും മറ്റുള്ളവരെക്കൊണ്ട് അംഗീകരിപ്പിക്കാൻ പരിശ്രമിക്കുകയുമാണ്. ആചാരങ്ങളുടെയും നിയമങ്ങളുടെയും اقامة, അവ സ്വയം അനുസരിക്കുകയും സമൂഹത്തിൽ നടപ്പാക്കുകയുമാണ്. ഈ മൂന്നു മാനങ്ങളും ചേർന്നതാണ് ദൈവിക ധർമത്തിന്റെ സംസ്ഥാപനം - اقامة الدِّين. ആദർശങ്ങളും വിശ്വാസങ്ങളും കൃത്യമായ നിയമങ്ങളും നടപടിക്രമങ്ങളും ചേർന്നതാണ് 'അദ്ദീൻ.' ഈ ഘടകങ്ങളുടെ ശരിയായ സ്ഥാപനം അതുമായി ബന്ധപ്പെട്ട ഭൗതിക കാര്യങ്ങളുടെ സംസ്ഥാപനവും ആവശ്യപ്പെടുന്നു. ആദർശ വിശ്വാസങ്ങളുടെ പഠനത്തിനും പ്രചാരണത്തിനും പള്ളിക്കൂടങ്ങളും പുസ്തകങ്ങളും ആവശ്യമാകുന്ന സന്ദർഭങ്ങളിൽ അവയുടെ സംസ്ഥാപനവും ഇഖാമത്തുദ്ദീനിന്റെ ഭാഗമാകുന്നു. നമസ്കാരത്തിന്റെ ഇഖാമത്തിന് മസ്ജിദും ഇമാമത്തും സ്ഥാപിക്കേണ്ടതുണ്ട്. ധാർമിക സദാചാര നിയമങ്ങൾ വ്യവസ്ഥാപിതമായി നടപ്പാവാൻ അതിനു യോഗ്യമായ സാമൂഹിക സംവിധാനം സ്ഥാപിക്കപ്പെടേണം. ഇതിന്റെയെല്ലാം സംസ്ഥാപനം ഉൾക്കൊള്ളുന്നതാണ് ഇഖാമത്തുദ്ദീൻ.

ഓരോ പ്രവാചകനും പ്രബോധനം ചെയ്ത വിശ്വാസ സത്യങ്ങളും ജീവിത മൂല്യങ്ങളും ധാർമിക-സദാചാര-നൈതിക നിയമങ്ങളും ചേർന്നതാണ് ആ പ്രവാചകന്റെ അദ്ദീൻ. മറ്റൊരു പ്രവാചകൻ വന്ന് പരിഷ്കരിക്കുന്നതുവരെ ആ പ്രവാചകനും അദ്ദേഹത്തിന്റെ അനുയായികളും സ്ഥാപിക്കേണ്ടത് ആ ദീനാണ്. മറ്റൊരു പ്രവാചകൻ വന്ന് നിയമ വ്യവസ്ഥകൾ പരിഷ്കരിക്കുമ്പോൾ ആ പരിഷ്കൃത വ്യവസ്ഥയാകുന്നു 'അദ്ദീൻ.' പിന്നെ പൂർവപ്രവാചകനും അദ്ദേഹത്തിന്റെ സമുദായവും പുതിയ പ്രവാചകനും വിശ്വാസികളുമെല്ലാം സ്ഥാപിക്കേണ്ടത് ആ ധർമവ്യവസ്ഥയാണ്. 3:81-ൽ ഈ ആശയം ഇപ്രകാരം അവതരിപ്പിച്ചിരിക്കുന്നു:

وَإِذْ أَخَذَ اللَّهُ مِيثَاقَ النَّبِيِّينَ لَمَا آتَيْتُكُم مِّن كِتَابٍ وَحِكْمَةٍ ثُمَّ جَاءَكُمْ رَسُولٌ مُّصَدِّقٌ لِّمَا مَعَكُمْ لَتُؤْمِنُنَّ بِهِ وَلَتَنصُرُنَّهُ ۚ قَالَ أَأَقْرَرْتُمْ وَأَخَذْتُمْ عَلَىٰ ذَٰلِكُمْ إِصْرِي ۖ قَالُوا أَقْرَرْنَا ۚ قَالَ فَاشْهَدُوا وَأَنَا مَعَكُم مِّنَ الشَّاهِدِينَ ﴿٨١﴾

(പൂർവ പ്രവാചകന്മാരിൽനിന്ന് അല്ലാഹു ഇപ്രകാരം പ്രതിജ്ഞ വാങ്ങിയതോർക്കുവിൻ: ഞാൻ നിങ്ങൾക്കരുളിയ വേദവും ജ്ഞാനവുമുണ്ടല്ലോ, പിന്നീട് നിങ്ങളുടെ കൂടെയുള്ളതിനെ സത്യപ്പെടുത്തുന്ന ദൈവദൂതൻ വന്നാൽ തീർച്ചയായും നിങ്ങളദ്ദേഹത്തെ വിശ്വസിക്കേണ്ടതും പിന്തുണക്കേണ്ടതുമാകുന്നു. തുടർന്ന് അല്ലാഹു അവരോട് ചോദിച്ചു: നിങ്ങളിത് സമ്മതിക്കുകയും എന്നോടു ചെയ്ത പ്രതിജ്ഞയുടെ ഉത്തരവാദിത്വ ഭാരം ഏറ്റെടുക്കുകയും ചെയ്തുവോ? അവർ ബോധിപ്പിച്ചു: ഞങ്ങൾ ഏറ്റെടുത്തിരിക്കുന്നു. അവൻ കൽപിച്ചു: എങ്കിൽ നിങ്ങളതിനു സാക്ഷികളായിരിക്കുവിൻ. നിങ്ങൾക്കൊപ്പം ഞാനും സാക്ഷിയാകുന്നു). മുഹമ്മദ് നബി(സ) അന്ത്യപ്രവാചകനാകയാൽ അദ്ദേഹം പ്രബോധനം ചെയ്ത 'ദീൻ' ലോകാവസാനം വരെയുള്ളവർ സ്ഥാപിക്കേണ്ട ദീൻ ആയി.

അതിൽ ഭിന്നിക്കരുത് -وَلَا تَتَفَرَّقُوا فِيهِ- എന്ന വാക്കിന് വിശാലമായ അർഥതലങ്ങളുണ്ട്. ചില വേദങ്ങളെ വേദങ്ങളായി അംഗീകരിക്കുകയും ചിലതിനെ തള്ളിക്കളയുകയും ചെയ്യുക ഭിന്നിപ്പിന്റെ ഒരു രൂപമാണ്. ചിലർ ഏതെങ്കിലും പ്രവാചകനെ മാത്രം സത്യപ്രവാചകനായി വിശ്വസിക്കുകയും മറ്റു പ്രവാചകന്മാരെ തള്ളിപ്പറയുകയും ചെയ്യുന്നു. ചിലർ വേദാധ്യാപനങ്ങളെയും പ്രവാചക ശാസനകളെയും ദുർവ്യാഖ്യാനം ചെയ്ത് യഥാർഥ ദൈവിക മൂല്യങ്ങളെ ദുർബലപ്പെടുത്തുകയും തൽസ്ഥാനത്ത് കൃത്രിമ മൂല്യങ്ങൾ സ്ഥാപിക്കുകയും ചെയ്യുന്നു. ഉദാഹരണം: എല്ലാ സത്യപ്രവാചകന്മാരും പ്രബോധനം ചെയ്ത പ്രഥമവും പ്രധാനവുമായ സത്യമാണ് ദൈവത്തിന്റെ ഏകത്വം. പല മതവിഭാഗങ്ങളും ഈ സത്യത്തെ വ്യാഖ്യാനിച്ചു വ്യാഖ്യാനിച്ച് ബഹുദൈവത്വമാക്കി മാറ്റിയിരിക്കുന്നു. ഇത്തരത്തിലുള്ള എല്ലാ ഭിന്നിപ്പുകളും നിഷിദ്ധമാകുന്നു. ഭിന്നിപ്പിന്റെ ഉറവിടം പലപ്പോഴും കാമ-മോഹ-രാഗ ദ്വേഷാദികളാണ്. അതായത്, സ്വാർഥ താൽപര്യങ്ങൾ. അതു പക്ഷപാതത്തിന്റെയും വംശീയതയുടെയും ദേശീയതയുടെയും മറ്റു വ്യാജ ദർശനങ്ങളുടെയും വർണം സ്വീകരിക്കുന്നു. അതോടെ യഥാർഥ അദ്ദീനിന്റെ പല മൂല്യങ്ങളും നിയമങ്ങളും മാഞ്ഞുപോവുകയായി. ഒപ്പം, ഭിന്നിച്ചവർക്ക് പരസ്പര സംഘർഷത്തിലേക്കും സംഘട്ടനത്തിലേക്കും വഴിയൊരുങ്ങുകയും ചെയ്യുന്നു.

അദ്ദീനിന്റെ -വൈദിക മതങ്ങളുടെ- വാഹകരായ എല്ലാവരോടുമുള്ളതാണീ കൽപന. ഖുർആൻ അതുദ്ധരിക്കുമ്പോൾ പ്രഥമ സംബോധിതർ മുസ്‌ലിം സമൂഹമാണ്. മുസ്‌ലിം സമൂഹം ഭിന്നിക്കാതെ ഒന്നായി നന്നായി നിലകൊള്ളണമെന്നാണ് കൽപിക്കുന്നത്. മുസ്‌ലിം സമുദായത്തിന്റെ ഐക്യം ഏറെ ചർച്ച ചെയ്യപ്പെടുന്ന കാലമാണ് 20-21

നൂറ്റാണ്ടുകൾ. സമുദായത്തിന്റെ അവകാശങ്ങൾ നേടിയെടുക്കാൻ ഐക്യം അനിവാര്യമാണ്. വിദ്യാഭ്യാസ പുരോഗതിക്കും ഐക്യപ്പെടണം. സാമ്പത്തിക വികസനത്തിന് ഐക്യം വേണം. വർഗീയ ഫാഷിസ്റ്റ് വിഭാഗങ്ങളിൽനിന്നുണ്ടാകുന്ന ആക്രമണങ്ങൾ നേരിടാൻ ഒറ്റക്കെട്ടാകണം. ഇതൊക്കെ ശരിയാണ്. ഏതു കാര്യത്തിലും ഐകമത്യം മഹാബലമാണല്ലോ. എന്നാൽ, ഖുർആൻ ഇവിടെ സംസാരിക്കുന്നത് കാലികമായ ആവശ്യങ്ങൾക്കുവേണ്ടി തൊലിപ്പുറമെ തട്ടിക്കൂട്ടുന്ന താൽക്കാലികമായ സമുദായ ഐക്യമല്ല. വിശ്വാസ സത്യങ്ങളും മൂല്യങ്ങളും ദൈവിക ധർമ വ്യവസ്ഥയും സംസ്ഥാപിക്കുന്നതിനു വേണ്ടിയുള്ള അടിസ്ഥാനപരമായ ഏകോപനമാണ്. ആ ഐക്യം സാധ്യമായാൽ മറ്റു രംഗങ്ങളിൽ ഐക്യം താനേ ഉണ്ടാകും. പക്ഷേ, സമുദായ സംഘങ്ങളുടെ പൊതുനിലപാട് ഇഖാമത്തുദ്ദീനിൽ എത്ര വേണമെങ്കിലും ഭിന്നിക്കാം. എന്നാൽ, വർഗീയാക്രമണങ്ങൾ നേരിടാൻ, വിദ്യാഭ്യാസ പുരോഗതി നേടാൻ, സാമ്പത്തിക വികസനമുണ്ടാവാൻ സമുദായം ഒറ്റക്കെട്ടായി നിൽക്കണം എന്നാണ്! ഈ ആഹ്വാനം എല്ലാ മതസംഘടനകളിൽനിന്നും നിരന്തരം ഉയരുമ്പോഴും സമുദായത്തിൽ ഭിന്നത വർധിച്ചു വരികയാണ്. ദീനിന്റെ അടിത്തറയിൽ കെട്ടിപ്പടുക്കപ്പെട്ടതാണ് മുസ്‌ലിം സമുദായം. വിദ്യാഭ്യാസവും സമ്പത്തും സുരക്ഷയുമെല്ലാം അതിന്റെ ചുമരുകളും മേൽപുരകളുമൊക്കെയാണ്. അടിത്തറ തകർന്നാലും സാരമില്ല, ചുമരും മേൽപുരയും എല്ലാവരും ഒറ്റക്കെട്ടായിനിന്ന് താങ്ങിനിർത്തണം എന്നു പറയുംപോലെയാണിത്. ദീനിന്റെ സംസ്ഥാപനത്തിലുള്ള ഭിന്നിപ്പ് സമുദായത്തിന്റെ വീര്യം ചോർത്തിക്കളയുകയും ശത്രുക്കൾക്ക് അവരെ പരാജയപ്പെടുത്താൻ അവസരമൊരുക്കിക്കൊടുക്കുകയും ചെയ്യുന്നു. وَلَا تَنَازَعُوا فَتَفْشَلُوا وَتَذْهَبَ رِيحُكُمْ (നിങ്ങൾ കലഹിക്കരുത്, കലഹിച്ചാൽ ശിഥിലരാവുകയും നിങ്ങളുടെ വീര്യം നഷ്ടപ്പെടുകയും ചെയ്യും -8:46). ഖുർആൻ നൽകിയ ഈ മുന്നറിയിപ്പ് അവഗണിച്ചതിന്റെ ഫലമാണ് ആധുനിക മുസ്‌ലിം ലോകത്തിന്റെ ദയനീയാവസ്ഥ.

ഖുർആനും സുന്നത്തും ഖണ്ഡിതമായി പ്രസ്താവിച്ചിട്ടില്ലാത്ത ഇജ്തിഹാദി (ഗവേഷണപരം) ആയ പ്രശ്നങ്ങൾക്ക് ഉത്തരം കണ്ടെത്തുന്നതിൽ മുജ്തഹിദുകൾ (ഗവേഷക പണ്ഡിതന്മാർ) തമ്മിലുണ്ടാകുന്ന ഭിന്നതകൾ ഇവിടെ നിരോധിച്ച ഭിന്നതയിൽ പെടുന്നില്ല. അത്തരം ഭിന്നതകൾ സ്വാർഥ താൽപര്യങ്ങളിൽനിന്നുണ്ടാകുന്നതല്ല. ബന്ധപ്പെട്ട പണ്ഡിതന്മാരുടെ വൈജ്ഞാനിക നിലവാരത്തിന്റെയും ധിഷണാ ശക്തിയുടെയും വ്യത്യാസത്തിൽ നിന്നുണ്ടാകുന്നതാണ്. സമുദായത്തിന്റെ വൈജ്ഞാനിക വികാസത്തിന്റെ അനിവാര്യതയാണത്. എന്നാൽ, ദീനിന്റെ സുസ്ഥിര മൂല്യങ്ങളെ അട്ടിമറിക്കുന്ന ഏതു ഭിന്നിപ്പും നിഷിദ്ധവും ആപൽക്കരവുമാകുന്നു. ദീനും ശരീഅത്തും വ്യത്യസ്തമായ രണ്ടു കാര്യങ്ങളാണെന്നും ദീൻ നിലനിർത്താൻ മാത്രമേ പ്രവാചകന്മാരും അവരുടെ സമൂഹങ്ങളും കൽപിക്കപ്പെട്ടിട്ടുള്ളൂ എന്നും വാദിക്കുക. അതുവഴി 'ദീൻ' ചില വിശ്വാസ കാര്യങ്ങൾ മാത്രമാണെന്നും വിശ്വാസിയുടെ ജീവിതചര്യയുമായി അതിനു ബന്ധമില്ലെന്നും സ്ഥാപിക്കുക. വാസ്തവത്തിൽ شَرَعَ لَكُم مِّنَ الدِّينِ-ദീനിൽനിന്നുള്ളതായിട്ട്, അല്ലെങ്കിൽ ദീനിനാൽ നിങ്ങൾക്ക് നിയമിച്ചു തന്നിരിക്കുന്നു എന്ന പ്രയോഗം തന്നെ നിങ്ങൾ, മുസ്‌ലിംകൾക്ക് നിയമിച്ചുതന്നിട്ടുള്ളത്- ശർഅ് ആക്കിയിട്ടുള്ളതാണ് നിങ്ങളുടെ 'അദ്ദീൻ' എന്നും അതിലാണ് നിങ്ങൾ ഒന്നിക്കേണ്ടതെന്നും കുറിക്കുന്നുണ്ട്.

നിങ്ങൾ, മുസ്‌ലിംകൾ പ്രബോധനം ചെയ്യുന്നത്- തൗഹീദും ആഖിറത്തും രിസാലത്തും- സ്വീകരിക്കുക ബഹുദൈവ വിശ്വാസികൾക്ക് ക്ലേശകരമായിരിക്കുന്നു എന്നതിലെ ബഹുദൈവ വിശ്വാസികളിൽ എല്ലാ ബഹുദൈവ വാദികളും ഉൾപ്പെടുന്നു. പ്രഥമമായി ഉദ്ദേശിച്ചിട്ടുള്ളത് മക്കയിലെ ഖുറൈശി വിഗ്രഹാരാധകരെയാണ്. ഇസ്‌ലാമികാദർശം രണ്ടു തരത്തിൽ അവർക്ക് ദുസ്സഹമായി തോന്നി. ഒന്ന്, തലമുറകളായി പാലിച്ചു പോന്നിരുന്ന വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും വിരുദ്ധമാണത്. തൗഹീദ് അവർക്ക് ഏറെ വിചിത്രമായ കാര്യമായിരുന്നു. أَجَعَلَ الْآلِهَةَ إِلَٰهًا وَاحِدًا (സകല ദൈവങ്ങളെയും ഒറ്റ ദൈവമാക്കുകയോ?! -*സ്വാദ്* 5). ഉയിർത്തെഴുന്നേൽപിനെക്കുറിച്ചു പറഞ്ഞു:

هَلْ نَدُلُّكُمْ عَلَىٰ رَجُلٍ يُنَبِّئُكُمْ إِذَا مُزِّقْتُمْ كُلَّ مُمَزَّقٍ إِنَّكُمْ لَفِي خَلْقٍ جَدِيدٍ

(നിങ്ങളുടെ ജഡം പൂർണമായും ദ്രവിച്ചു ചിതറിക്കഴിഞ്ഞാൽ പിന്നെയും സമൂലം പുനഃസൃഷ്ടിക്കപ്പെടുമെന്ന് പ്രവചിക്കുന്ന ഒരാളെ കാണിച്ചു തരട്ടെയോ? -34:7). പ്രവാചകത്വത്തെക്കുറിച്ചു പറഞ്ഞു: أَبَعَثَ اللَّهُ بَشَرًا رَّسُولًا (അല്ലാഹു ഒരു മനുഷ്യനെ ദൂതനായി നിയോഗിക്കുകയോ? -17:94). ഈ ദീൻ അനുശാസിക്കുന്ന നിയമങ്ങൾ സ്വീകരിക്കുന്നത് തങ്ങൾ അനുഭവിച്ചു വരുന്ന ഭൗതിക സുഖസൗഭാഗ്യങ്ങൾക്കു ഹാനികരമാകും എന്നതായിരുന്നു രണ്ടാമത്തെ പ്രയാസം. എല്ലാവിധ അധർമങ്ങളും അനീതികളും അന്യായമായ ചൂഷണങ്ങളും മർദന പീഡനങ്ങളും അതു വിലക്കുകയാണല്ലോ. ഈ ദീൻ അടിമക്കും ഉടമക്കും, സ്ത്രീക്കും പുരുഷനും എല്ലാം മാനുഷികാവകാശങ്ങളുണ്ടെന്നും എല്ലാവരുടെയും അവകാശങ്ങൾ മാനിക്കപ്പെടണമെന്നും കൽപിക്കുന്നു. ഗോത്രമഹിമയുടെയും ആളെണ്ണത്തിന്റെയും ധനാഢ്യതയുടെയും പേരിൽ സൃഷ്ടിച്ച ഉച്ചനീചത്വവും മേധാവിത്വവും, ദുർബലരെ ചൂഷണം ചെയ്യാനുള്ള അവകാശവും ഉപേക്ഷിക്കാൻ അവർ തയാറായിരുന്നില്ല.

നല്ലതു തെരഞ്ഞെടുക്കലും അടുപ്പിക്കലുമാണ് اجتباء. അതിൽനിന്നുള്ള ക്രിയയാണ് يَجْتَبِي . സുവ്യക്തമായ ദൃഷ്ടാന്തങ്ങളും പ്രമാണങ്ങളും സമേതം പ്രബോധനം ചെയ്തിട്ടും വിഗ്രഹാരാധകർ ദീനുൽ ഇസ്‌ലാം സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്നു വിശദീകരിക്കുകയാണ് ഈ വാക്യം. ദൃഷ്ടാന്തങ്ങളുടെയും പ്രമാണങ്ങളുടെയും ബാഹുല്യം കൊണ്ടുമാത്രം ആളുകൾ സത്യം സ്വീകരിക്കണമെന്നില്ല. അതിന് അല്ലാഹുവിങ്കൽ നിന്നുള്ള ഉതവി കൂടി ലഭിക്കേണ്ടതുണ്ട്. അല്ലാഹു അന്ധമായി ആർക്കും ഉതവിയരുളുന്നില്ല. അവൻ ഓരോ വ്യക്തിയുടെയും അന്തരാളത്തിൽ നിക്ഷേപിച്ചിട്ടുള്ള മൗലികമായ സത്യബോധത്തെ വളർത്തുന്നവരെ മാത്രമേ അവൻ സത്യത്തിന്റെയും ധർമത്തിന്റെയും പാതയിലേക്ക് അടുപ്പിക്കൂ. അവനെ ആശ്രയിക്കുകയും അവലംബിക്കുകയും ചെയ്യുന്നവരെ അവൻ തന്നിലേക്കു നയിക്കുന്നു. അല്ലാത്തവരെ, അവർ ആരെ ആശ്രയിക്കുകയും അവലംബിക്കുകയും ചെയ്യുന്നുവോ അവർക്കായി വിട്ടയക്കുന്നു. ●